ഉത്തരം

(എ) ഈ ഭാഗത്തെ കയ്യേറ്റങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ലയം-കാച്ചാണി റോഡിന്റേയും തലവൻമൂല പാലത്തിന്റേയും പണി

61 [104] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിനേയും നെടുമങ്ങാട് താലൂക്കിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കല്ലയം കാച്ചാണി റോഡിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ റോഡിനോട് അനുബന്ധമായി കിളളിയാറിന് കുറുകെ തലവൻമൂല നിർമ്മിക്കുന്ന പാലത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോ;

(സി) പാലം പണി പൂർത്തിയാകുന്നതിനോടൊപ്പംതന്നെ റോഡിന്റെ പണിയും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ റോഡിന്റെ സോളിംഗും, മെറ്റലിംഗും, ടാറിംഗും ഒഴികെയുള്ള മറ്റ് പണികളും പൂർത്തിയായിട്ടുണ്ട്.

(ബി) അപ്രോച്ച് റോഡ് ഒഴിച്ച്, പാലത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു.

(സി) റോഡിന്റെ പണി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലം മാറ്റിപ്പണിയാൻ നടപടി

62 [105] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കരകുളം പഞ്ചായത്തിൽ പുരവൂർകോണം വാർഡിൽ മുതിശ്ശാസ്താംകോട് ക്ഷേത്രത്തിനുസമീപം സ്ഥിതിചെയ്യുന്ന നടുവൊടിഞ്ഞ പാലം മാറ്റി പകരം തലവൻമൂലനിന്നും നീക്കം ചെയ്യുന്ന ഗർഡറുകൾ ഉപയോഗിച്ച് താൽക്കാലിക പാലം സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) ബി ആൻറ് ആർ ചീഫ് എഞ്ചിനീയർക്കും സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും സത്വരമായ റിപ്പോർട്ടിനുവേണ്ടി മെമ്മോറാണ്ടത്തിന്റെ പകർപ്പുകൾ അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly